LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പിലെ കടിശ്ശിക

96 (803) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ വകുപ്പിൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങിയ ഇനത്തിൽ കൊടുത്തുതീർക്കാൻ കടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാദ്ധ്യത ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ആരോഗ്യ വകുപ്പിൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങിയ ഇനത്തിൽ കൊടുത്തുതീർക്കാൻ കടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാദ്ധ്യത ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം 17,57,497 രൂപയാണ്.

ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫ്, നഴ്സുമാർ എന്നിവരുടെയും ഒഴിവുകൾ

97 (804) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലുമായി ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫ്, നഴ്സുമാർ എന്നിവരുടെയും എത്ര ഒഴിവുകൾ വീതമാണ് നിലവിലുള്ളത്, വിശദവിവരം നൽകുമോ ?

ഉത്തരം

ആരോഗ്യ വകുപ്പിൻ കീഴിലുള്ള ജില്ലാ ആശുപത്രി, താലൂക്കാശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും നഴ്സുമാരുടെയും ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

അസിസ്റ്റന്റ് സർജൻ	219
സിവിൽ സർജൻ	51
ജൂനിയർ കൺസൾട്ടന്റ്	160
കൺസൾട്ടന്റ്	116
സീനിയർ കൺസൾട്ടന്റ്	27

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് കൺസൾട്ടന്റ്	2
അഡ്മിനിസ്ട്രേറ്റീവ് കേഡർ	18
ജില്ലാ നഴ്സിംഗ് ഓഫീസർ	11
നഴ്സിംഗ് ഓഫീസർ	7
നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I	14
നഴ്സിംഗ് ട്യൂട്ടർ	69
ഫാർമസിസ്റ്റ്	36
ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ	14
സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ	5
സ്റ്റോർ സൂപ്രണ്ട്	11
ഹെഡ് നഴ്സ്	64
സ്റ്റാഫ് നഴ്സ് (ഗ്രേഡ് 1 & 2)	479
പ്രിൻസിപ്പാൾ	6
വൈസ് പ്രിൻസിപ്പാൾ	7
ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ	5
റേഡിയോഗ്രാഫർ	9
ഡെന്റൽ ഹൈജീനിസ്റ്റ്	9
ഡെന്റൽ മെക്കാനിക്ക്	2
ലാബ് ടെക്നീഷ്യൻ	25
നഴ്സിംഗ് അസിസ്റ്റന്റ്	24
നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് 2	170
നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് 1	240

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലായി 335 ഡോക്ടർമാരുടെയും 70 പാരാമെഡിക്കൽ സ്റ്റാഫുകളുടെയും 831 സ്റ്റാഫ് നഴ്സുമാരുടെയും ഒഴിവുകൾ നിലവിലുണ്ട്.